ശ്രീ രാംചന്ദ്ര മിഷൻ®

സ്വകാര്യ പ്രചരണത്തിനു മാത്രം

നവംബർ 2013 വാല്യം 6 ലക്കം 6

ECHOES INDIA


## സപ്തംബർ 2013









### ബെലേറൂസിലെ മിൻസ്ക് ആശ്രമത്തിൻെറ ഉദ്ഘാടനം

സപ്തംബർ 1 ഞായറാഴ്ച, പതിവുപോലെ മാസ്റ്റർ ഗീത ക്ലാസ്സിൽ പങ്കെടുത്തു. അതിനുശേഷം അദ്ദേഹംതൻെറ ഓഫിസ് മുറിയിലെത്തി. മണപ്പാക്കത്തുണ്ടായിരുന്ന മുഴുവൻ റഷ്യൻ അഭ്യാസികളും, അതുപോലെ ലാലാജി മെമ്മോറിയൽ സ്കൂളിൽ പഠിക്കുന്ന റഷ്യയിൽനിന്നുള്ള എല്ലാ വിദ്യാർത്ഥികളും ഈ ഉദ്ഘാടന കർമ്മത്തിൽ പങ്കെടുക്കുവാനെത്തിയിട്ടുണ്ട് എന്നദ്ദേഹം ഉറപ്പുവരുത്തി. വീഡിയൊവഴി അദ്ദേഹം മിൻസ്കിലെ അഭ്യാസികളോട് സംസാരിച്ചു. മാസ്റ്റർ പറഞ്ഞു, "നമുക്ക് റഷ്യൻ ആശ്രമമെന്നാൽ ഇതാണ്. നമുക്കിതുപോലെ കൂടുതൽ ആശ്രമങ്ങളുണ്ടാവണം." സ്ലൊവേനിക് ജനതയുമായി തനിക്കുള്ള ദീർഘകാലമായുള്ള, ഒരുപക്ഷെ കഴിഞ്ഞ ജന്മങ്ങളിൽ നിന്ന് തുടങ്ങിയ ചങ്ങാത്തത്തെപ്പറ്റി മാസ്റ്റർ പറഞ്ഞു. ഒരിക്കൽ കൂടി റഷ്യ സന്ദർശിച്ച് അവരെയെല്ലാം കാണാനുള്ള ആഗ്രഹം മാസ്റ്റർ ഇങ്ങനെ പ്രകടിപ്പിച്ചു. "കാരണം, ഞാനാവർത്തിച്ചു പറയുന്നു, നിങ്ങളെയെല്ലാവരെയും വീണ്ടുംവീണ്ടും കാണുവാൻ ഞാനിഷ്ടപ്പെടുന്നു." ഒമേഗസ്കൂളിൽ റഷ്യയിൽനിന്നുള്ള അരഡസൻ കുട്ടികൾ പഠിക്കുന്നുണ്ടെന്ന റിഞ്ഞ മാസ്റ്റർ പറഞ്ഞു, " കൂടുതൽ പേർ വരുമെന്ന് ഞാനാശിക്കുന്നു". പ്രഭാഷണത്തിനുശേഷം അദ്ദേഹം സത്സംഗം നടത്തി. അതിനുശേഷം റഷ്യൻ ഭാഷ സംസാരിക്കുന്ന എല്ലാവർക്കും അദ്ദേഹം പ്രസാദം നൽകി.

മാസ്റ്ററുടെ ആരോഗ്യം മെച്ചപ്പെട്ട് വരുന്നുണ്ടായിരുന്നു. ഒരുദിവസം ഊന്നുവടിയുടെ സഹായത്താൽ അദ്ദേഹം കോട്ടേജിനു വെളിയിൽ വരികയും അവിടെയിരിക്കുകയും ചെയ്തു. വളരെക്കാലത്തിനു ശേഷമാണ് മാസ്റ്റർക്ക് നടന്നുകൊണ്ട് പുറത്തേക്ക്വരാൻ സാധിച്ചത്.

മിഷൻെറ ചരിത്രത്തെക്കുറിച്ചുള്ള വിവരങ്ങൾ സമാഹരിക്കുന്ന അഭ്യാസികളുടെ ഒരു സംഘത്തിന് മാസ്റ്റർ തൻെറ ധാരാളം സമയവും ശ്രദ്ധയും നൽകിയിരുന്നു. അവരോടദ്ദേഹം പറഞ്ഞു, "സഹജമാർഗ്ഗത്തിൻെറ ചരിത്രത്തെക്കുറിച്ച് എന്നോട് ചോദ്യങ്ങൾ ചോദിക്കുക, കഴിയുന്നതിനും ഞാനുത്തരം നൽകാം.". എല്ലാദിവസവും രാവിലെ ഈ അഭ്യാസികൾ കോട്ടേജിലെത്തും. ഒൻപത് മണിയോടെ മാസ്റ്റർ തയ്യാറായിട്ടുണ്ടായിരിക്കും. സിറ്റിംഗിനുശേഷം ഒരുമണിക്കൂറിലേറെ നീളുന്ന ചോദ്യോത്തരവേള തുടങ്ങും. ഈ ചർച്ചകളിൽ പൂർണ്ണമായും വ്യാപൃതനായിരിക്കുന്ന മാസ്റ്ററെ കാണുന്നത് നയനാനന്ദകരമാണ്. അദ്ദേഹത്തിനു ചുറ്റുമുള്ളവരും താനേ ഇതിൽ വ്യാപൃതരാവും. അദ്ദേഹം







കാഴ്ച്ച വെക്കുന്ന പ്രചോദനവും ജിജ്ഞാസയും നാമെല്ലാവരും ഉൾക്കൊള്ളേണ്ടതും അത് ജീവിതത്തിൽ പകർത്തേണ്ടതുമാണ്. മറ്റുള്ളവരെ പ്രചോദിപ്പിക്കുവാനായി മാസ്റ്റർ പ്രത്യേകിച്ച് ഒന്നും തന്നെ ചെയ്യാറില്ല, എന്നാൽ അദ്ദേഹം സ്വയം പ്രചോദിതനായിരിക്കുമ്പോൾ അത് കൂടെയുള്ളവരെയും സ്വാധീനിക്കുന്നു.

ഞായറാഴ്ചകളിലുള്ള പതിവ് പരിപാടികളായ സഹോ. കമലേഷ് നടത്തുന്ന സത്സംഗവും അതിന് ശേഷമുള്ള സഹോ. (സാൻസ്ക്രിറ്റ്) കണ്ണന്റെ ഗീത പാരായണവും തുടരുന്നു. ജ്ഞാനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഗീതയിലെ രണ്ടാം ഭാഗമാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ പരിപാടിയിൽ അഭ്യാസികളുടെ സാന്നിദ്ധ്യം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. മാസ്റ്ററോടൊപ്പമിരുന്നു ഈ പരിപാടിയിൽ പങ്കെടുക്കാനായി രാവിലെ 9 മണിയാകുമ്പോഴേക്കു അഭ്യാസികളുടെ നീണ്ട നിര കോട്ടേജിന് പുറത്ത് കാണാവുന്നതാണ്.

സപ്തംബർ 11, ബുധനാഴ്ച, ആശ്രമത്തിനു പുറകിലുള്ള സഹോ. ഡോ. നട്വറിന്റെ അപ്പാർട്ട്മൻറ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. അത് ചുറ്റിക്കണ്ടശേഷം അദ്ദേഹം അവിടെ സന്നിഹിതരായിരുന്ന 400–ഓളം അഭ്യാസികൾക്കായി സത്സംഗം നടത്തി. ദൈവകൃപ നിറഞ്ഞൊരു അന്തരീക്ഷമായിരുന്നു അത്. ഉച്ചക്ക്ശേഷം മാസ്റ്റർ തന്റെ കോട്ടേജിലേക്ക് തിരികെ പോയി. അന്ന് വൈകുന്നേരം മാസ്റ്റർ കോട്ടേജിലുള്ളവർക്കായി വീണ്ടുമൊരു സത്സംഗം നടത്തി.

സപ്തംബർ 12, വ്യാഴാഴ്ച, തന്റെ പൗത്രി മാധുരിയുടെ ജന്മദിനമാകയാൽ, മാസ്റ്റർ 'ഗായത്രി'യിലേക്ക് പോയി, കാൽമുട്ടിന്റെ ശസ്ത്രക്രിയക്ക് ശേഷം വിശ്രമിക്കുന്ന മാധുരിയെ കാണുവാൻ താൽപര്യപ്പെട്ടു. 'ഗായത്രി'യിലെ ഹാളിലിരുന്ന് കൊണ്ട് അദ്ദേഹം മാധുരിക്കും മറ്റ് കുടുംബാംഗങ്ങൾക്കുമൊപ്പം സമയം ചിലവിട്ടു. "എന്റെ പൗത്രിയുടെ ജന്മദിനത്തിനെത്തിയ ഞാൻ വളരെ സന്തോഷവാനാണ്" എന്നദ്ദേഹം അഭിപ്രായപ്പെട്ടു.







**ഓണാഘോഷം**

തിങ്കളാഴ്ച, സപ്തംബർ 16–നായിരുന്നു തിരുവോണം. എകദേശം 350 അഭ്യാസികൾ കേരളത്തിൽ നിന്നും വന്നിരുന്നു. പുലർച്ചെ മാസ്റ്റർ, അഭ്യാസികൾ കോട്ടേജിന്റെ മുൻവശത്ത് പൂക്കളമൊരുക്കുന്നത് കണ്ട് നിന്നു. എല്ലാവർക്കും അദ്ദേഹം ഓണാശംസകൾ നേർന്നു. 9 മണിക്ക് അദ്ദേഹം അഭ്യാസികൾ സന്നിഹിതരായിരുന്ന 'എ' ഡോർമിറ്ററിയിലേക്ക് സത്സംഗം നടത്തുന്നതിനായി എത്തിചേർന്നു. സത്സംഗത്തിന് മുൻപായി അദ്ദേഹം മതപരമായ ആചാരങ്ങളെക്കുറിച്ചും ആളുകളുടെ വിശ്വാസങ്ങളെക്കുറിച്ചും സംസാരിച്ചു. ഹിന്ദു, മുസ്ലീം, ക്രിസ്ത്യാനി എന്നീ വ്യത്യാസങ്ങളില്ലെന്നും നാമെല്ലാവരും മനുഷ്യരാണെന്നും അദ്ദേഹം പറഞ്ഞു. സ്നേഹമാണ് ഏറ്റവും പ്രധാനപ്പെട്ട വശമെന്നും ഇത്തരം വിശ്വാസങ്ങളെയെല്ലാം മറികടക്കുവാനുള്ള ഉപകരണമാണതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഓരോ അഭ്യാസിയും സഹജമാർഗ്ഗത്തിന്റെ പ്രതിനിധിയാണെന്നും, പ്രിഫെക്ടുമാരും അഭ്യാസികളും തമ്മിൽ വ്യത്യാസമില്ലെന്നും, മിഷന്റെ വളർച്ചക്ക് എല്ലാവരും പങ്കെടുക്കണമെന്നും അദ്ദേഹം പറഞ്ഞു. ഉച്ചക്ക് അടുക്കളയിൽ പ്രത്യേക ഓണസദ്യ ഒരുക്കിയിരുന്നു. മാസ്റ്റർക്ക് കഴിക്കുവനായി അത് കോട്ടേജിലേക്ക് കൊടുത്തയച്ചിരുന്നു.

------

നല്ല സുഖമില്ലാതിരുന്നിട്ടും വിശ്രമിക്കുവാനും കോട്ടേജിന്റെ അറ്റകുറ്റപണികൾ മാറ്റിവെക്കുവാനുമുള്ള ഡോക്ടർമാരുടെ ഉപദേശം വകവെക്കാതെ മാസ്റ്റർ സപ്തംബർ18–ന് 'ഗാർഡൻ ഓഫ് ഹാർട്സ്'–ലെ സഹോ.സത്ബീറിന്റെ വസതിയിലേക്ക് പോയി. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പണികൾ നടക്കണമെന്ന് മാസ്റ്റർ നിർബന്ധം പിടിച്ചു. എന്തെങ്കിലും തീരുമാനിച്ചുറച്ച് കഴിഞ്ഞാൽ പിന്നെ, തനിക്ക് അസൗകര്യമാണെങ്കിൽ കൂടിയും അതിൽ നിന്നും മാസ്റ്ററെ പിന്തിരിപ്പിക്കുക ഒട്ടും എളുപ്പമല്ല.

സത്ബീറിന്റെ വസതിയിൽ ആദ്യനാളുകളിൽ മാസ്റ്റർ കാലത്ത് സത്സംഗം നടത്തിയിരുന്നു. അഭ്യാസികൾ ധ്യാനമന്ദിരത്തിലേക്ക് പോകാതെ അവിടേക്ക് വരുന്നത് നിരീക്ഷിച്ച അദ്ദേഹം ഇതിൽ അസന്തുഷ്ടി പ്രകടിപ്പിച്ചു. "എവിടെ സത്സംഗത്തിനിരുന്നാലും ഒരേ സംപ്രേക്ഷണമാണ് നിങ്ങൾക്ക് ലഭിക്കുക" എന്ന് പറഞ്ഞു കൊണ്ട് അവരെയെല്ലാം ആശ്രമത്തിലെ ധ്യാനമന്ദിരത്തിലേക്ക് പറഞ്ഞയച്ചു.

സപ്തംബർ 21 ശനിയാഴ്ച, മാസ്റ്റർ 'ഗായത്രി'യിലേക്ക് പോയി. തന്റെ തനത് പ്രകൃതിയിലായിരുന്ന അദ്ദേഹം എല്ലാ കുടുംബാംഗങ്ങളോടും സംസാരിച്ചു കൊണ്ട് നേരെ തീൻ മേശയിലേക്ക് പോയി. പ്രാതലിന് ശേഷം മാസ്റ്റർ തന്റെ കാര്യാലയത്തിലേക്ക് പോയി. കുറച്ച് നേരം തന്റെ ജോലികളിലേർപ്പെട്ട അദ്ദേഹം പിന്നീട് തന്റെ കംപ്യൂട്ടറിൽ ചില അഭിമുഖ ശകലങ്ങൾ വീക്ഷിച്ചു. പിന്നീട് കുറച്ച് അഭ്യാസികളെ കണ്ട അദ്ദേഹം





എല്ലാവർക്കുമൊരു സിറ്റിംഗ് നൽകി.

അമേരിക്കയിൽ നിന്നും അതിനൂതനമായ, പല വിധത്തിൽ ക്രമീകരിക്കാൻ സംവിധാനങ്ങളുള്ള ഒരു വീൽചെയർ മാസ്റ്റർക്ക് ലഭിച്ചിട്ടുണ്ട്. അതെല്ലാം അദ്ദേഹം സന്തോഷത്തോടെ പരീക്ഷിക്കുന്നുണ്ടായിരുന്നു.

ഉച്ചഭക്ഷണത്തിനു ശേഷം മാസ്റ്റർ യൂറോപ്യൻ അഭ്യാസികൾ സന്നിഹിതരായിരുന്ന ഹാളിൽ വന്നിരുന്നു. മാസ്റ്റർക്ക് ശ്വാസ തടസ്സമുണ്ടെന്നു പറഞ്ഞ അവസരത്തിൽ ഡെന്മാർക്കിൽ നിന്നുമുള്ള ഒരു സഹോദരി പറഞ്ഞുകൊടുത്ത ഒരു പ്രയോഗം അത്ഭുതകരമായി ഫലിക്കുകയും 5 മിനുട്ടിനുള്ളിൽ ശ്വാസം നേരെയാവുകയും ചെയ്തു. വിശ്രമിക്കുന്നതിനാണ് 'ഗായത്രി' യിലേയ്ക്ക് വന്നതെന്ന് ആശ്രമത്തിലുള്ള എല്ലാവരെയും അറിയിക്കണമെന്നു മാസ്റ്റർ ആവശ്യപ്പെട്ടു.

സപ്തംബർ 22നു ഞായറാഴ്ച്ച അദ്ദേഹം 'ഗായത്രി'യിൽ സത്സംഗവും ഏതാനും വിവാഹങ്ങളും നടത്തി.

ചെന്നൈ നഗരത്തിൽ നിന്നും 45 കിലോമീറ്റർ പടിഞ്ഞാറായി തിരുവള്ളൂർ എന്ന സ്ഥലത്ത് മിഷനു വേണ്ടി ഭൂമി വാങ്ങുന്ന കാര്യവുമായി മാസ്റ്റർ അടുത്ത രണ്ട് ദിവസം തിരക്കിലായിരുന്നു. ഭൂമിയുടെ ഉടമസ്ഥരായിരുന്നവരുടെ കുടുംബാംഗങ്ങൾ 'ഗായത്രി'യിൽ എത്തിയിരുന്നു. ഓരോരുത്തരേയും നേരിൽ കണ്ട് ഭക്ഷണം കഴിച്ചെന്നു മാസ്റ്റർ ഉറപ്പു വരുത്തുന്നുണ്ടായിരുന്നു. വസ്തുവിൽപ്പന ആധാരങ്ങളിലും എഗ്രിമെൻറുകളിലുമായി മുന്നൂറോളം ഒപ്പു വെക്കുകയെന്ന പ്രയാസമാർന്ന ജോലി രണ്ടു ദിവസങ്ങളിലായി രാത്രി വൈകിയിട്ടും ഇരുന്നു പൂർത്തിയാക്കി. അത് ചെയ്യുന്നതോടൊപ്പം തന്നെ, ചെയ്യുന്ന ഓരോ പ്രവൃത്തിയും നാം ആസ്വദിച്ചു ചെയ്താൽ അവയൊരിക്കലും നമുക്കു വിഷമമാകില്ല എന്ന തത്വം നമ്മളെ പഠിപ്പിക്കുകയുമായിരുന്നു.

സപ്തംബർ ഇരുപത്തെട്ടാം തിയ്യതി ശനിയാഴ്ചയോടെ മാസ്റ്റർ ആശ്രമത്തിലെത്തി. നവംബറിൽ നടത്താനുദ്ദേശിക്കുന്ന യൂറോപ്യൻ സെമിനാറിൻെറ വിഷയം "അജ്ഞതയിൽ നിന്നും അറിവിലേയ്ക്കും അവിടെനിന്നും അറിവില്ലായ്മയിലേക്കും" എന്നു തിരഞ്ഞെടുത്തു. ഈ വിഷയത്തിൽ നടന്ന ചർച്ചയിൽ മാസ്റ്റർ പങ്കെടുക്കുകയും ഇച്ഛ, ചിന്ത എന്നീ വിഷയങ്ങളിലേയ്ക്ക് ചർച്ച കടക്കുകയും ചെയ്തു. "അറിവിനെയും പ്രവൃത്തിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് ഇച്ഛ. ചിന്തിക്കാൻ മുതിർന്നാൽ മാത്രം പോരാ, ചിന്ത പ്രവൃത്തിയിൽ കൊണ്ടുവരാനുള്ള ഇച്ഛയും വേണം. പ്രവർത്തിക്കാനുള്ള ഇച്ഛ പ്രയോഗിക്കുമ്പോൾ നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങൾ കുറയും. ഇത് ലളിത ജീവിതത്തിലേയ്ക്ക് നയിക്കും. ലാളിത്യവും പ്രകൃതിയോടിണങ്ങിയുള്ള ജീവിതവും ഈ വിധം ഇച്ഛയുള്ള ജീവിതത്തിൽ സാധ്യമാകുന്നു. ഇഷ്ടാനിഷ്ടങ്ങൾ കുറയ്ക്കുകയും ചെയ്യുന്നു.ലളിത ജീവിതം ഏളുപ്പമുള്ളതല്ല".

**തിരുവള്ളൂർ സന്ദർശനം**

കഴിഞ്ഞ കുറച്ചു ദിവസങ്ങളിൽ തിരുവള്ളൂർ ജില്ലയിൽ 113 ഏക്ര ഭൂമി മിഷൻെറ പേരിൽ രജിസ്റ്റർ ചെയ്തു. മാസ്റ്റർക്ക് സ്ഥലം കാണാൻ സൗകര്യമൊരുക്കുന്നതിനായി സഹോ. വിനയ് കൃഷ്ണയുടെ നേതൃത്വത്തിൽ സന്നദ്ധസേവകരുടെ സംഘം രാത്രി തന്നെ താത്കാലിക പന്തൽകൊണ്ട് മെഡിറ്റേഷൻ ഹാളും, മാസ്റ്ററുടെ ടെൻറും ഇളക്കിമാറ്റാവുന്ന ശൗച്യാലയങ്ങളും തയ്യാറാക്കി. ചെന്നൈയിൽ നിന്നും തിരുവള്ളൂരിൻെറ സമീപ പ്രദേശങ്ങളിൽ നിന്നുമായി മുന്നൂറോളം അഭ്യാസികൾ വന്നുചേർന്നിരുന്നു.

തൻെറ മെഴ്സിഡസ് വാനിൽ പ്രത്യേകം തയ്യാറാക്കിയ സീറ്റിൽ മാസ്റ്റർ സപ്തംബർ ഇരുപത്തെട്ടാം തിയ്യതി രാവിലെ 8:30നു സ്ഥലത്തെത്തി. ഏതാണ്ട് 45 മിനിറ്റ് നേരം സത്സംഗം നടത്തിയ ശേഷം അദ്ദേഹം അവിടെയുള്ളവരെ അഭിസംബോധന ചെയ്തു.ഈ ഭൂമി എന്തിനെല്ലാം ഉപയോഗിക്കാനാവും എന്നതിനെക്കുറിച്ച് ചില ആശയങ്ങൾ പങ്കുവെച്ചു.ആരോഗ്യ കേന്ദ്രം, ധ്യാനമന്ദിരം, കൃഷി, ഗോശാല എന്നിവയ്ക്കെല്ലാമുപയോഗിക്കാമെങ്കിലും പ്രാധാന്യം ധ്യാനത്തിനായിരിക്കണം. ജില്ലാ ഭരണകൂടത്തിൻെറ എല്ലാ സഹായസഹകരണങ്ങളും ജില്ലാ ഭരണാധികാരിയും പുതിയ അഭ്യാസിയുമായ സഹോ. വീരരാഘവ റാവു വാഗ്ദാനം ചെയ്തു. ഭൂമി വിറ്റ കുടുംബങ്ങളിലെ മുപ്പതോളം ആളുകൾ മാസ്റ്ററെ കാണാൻ വന്നു. മാസ്റ്റർ ഇവർക്ക് പ്രസാദം നൽകുകയും ഇവരോടൊപ്പം ഫോട്ടൊ എടുക്കുകയും ചെയ്തു. അഭ്യാസികൾ കൊണ്ടുവന്ന ചോക്ലേറ്റ് കേയ്ക്ക് മാസ്റ്റർ മുറിയ്ക്കുകയും എല്ലാവർക്കും വിതരണം ചെയ്യുകയും ചെയ്തു. മാസ്റ്റർക്ക് വിശ്രമിക്കാനുള്ള സൗകര്യമൊരുക്കിയിരുന്നെങ്കിലും അദ്ദേഹം അതിനു മുതിരാതെ തൻെറ വീൽ ചെയറിലിരുന്ന് ഭക്ഷണം കഴിച്ചു. വാങ്ങിയ സ്ഥലം മുഴുവനും നെല്ല്, വാഴ, തെങ്ങ് തുടങ്ങിയ കൃഷികളാൽ പച്ചപ്പു നിറഞ്ഞതും അനേകം കിണറുകളും കുഴൽകിണറുകളും ഉള്ളതായിരുന്നു. റോഡുവഴി എത്താവുന്നിടത്തോളം സ്ഥലങ്ങൾ കണ്ട ശേഷം മാസ്റ്റർ ചെന്നൈയിലേയ്ക്ക് മടങ്ങി.

29-ാം തീയ്യതിയത്തെ ഗീത ക്ലാസ്സിനുശേഷം മാസ്റ്റർ അൽപസമയം സംസാരിച്ചു. " സഹോ. സാൻസ്ക്രിറ്റ് കണ്ണൻ വളരെ നന്നായി ശ്ലോകങ്ങൾ വിവരിച്ച് നടത്തിയ ഈ ക്ലാസ്സുകളിൽ നാമെല്ലാവരും ഇത്രയും നാൾ പങ്കെടുത്തു. ഇനി നാം അതിനെ മനസ്സില്ലാക്കേണ്ട സമയമായി, അതിനാൽ അടുത്ത രണ്ട് ഞായറാഴ്ചകളിൽ ചോദ്യോത്തര വേള ഉണ്ടായിരിക്കുന്നതാണ്."

## ഒക്ടോബർ 2013

### ചൈനീസ് സെമിനാർ

ഒക്ടോബർ 1, ചൊവ്വ: ചൈനയിൽ നിന്നും മറ്റുരാജ്യങ്ങളിൽ നിന്നുമുള്ള ചൈനക്കാരായ നൂറ്റിപ്പത്തോളം അഭ്യാസികൾ മണപ്പാക്കത്ത് ഒരു സെമിനാറിൽ പങ്കെടുക്കാനായി എത്തിയിരുന്നു. മാസ്റ്റർ ഈ സെമിനാറിനു വേണ്ടി കാത്തിരിക്കുകയായിരുന്നു. 8.30-ഓടെ കോട്ടേജിനു മുന്നിൽ എത്തിയിരുന്ന അഭ്യാസികളെ അഭിസംബോധന ചെയ്യാൻ വേണ്ടി മുറിക്ക് പുറത്തുകടക്കുന്നതിനു മുൻപെ തന്നെ മാസ്റ്റർ വേഗത്തിൽ ചില ചൈനീസ് വാക്കുകൾ പഠിച്ചെടുത്തിരുന്നു. ചൈനീസിൽ സംസാരിച്ചുകൊണ്ട് പുറത്തുവന്ന അദ്ദേഹത്തെ അവർ ഒരു വലിയ കയ്യടിയോടുകൂടി എതിരേറ്റു. അദ്ദേഹം ചൈനീസ് ഭാഷ പഠിക്കാൻ പറ്റാഞ്ഞതിലുള്ള വിഷമം പ്രകടിപ്പിക്കുകയും പ്രായാധിക്യം മൂലം ചൈനയിലേക്ക് യാത്ര ചെയ്യാൻ പറ്റില്ല എന്നു പറയുകയും ചെയ്തു. ചൈനയിൽ നിന്നുംകൂടുതൽ അഭ്യാസികൾ എല്ലാ വർഷവും ചെന്നൈയിൽ എത്താൻ ശ്രമിക്കണമെന്ന് മാസ്റ്റർ ആവശ്യപ്പെട്ടു. സിക്കിമിലുള്ള ഗാംഗ്ടോക് ആശ്രമം ഒരു നല്ല റിട്രീറ്റ് സെൻററാണെന്നും അഭ്യാസികൾ ഈ സൗകര്യം ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാസ്റ്റർ ഒരു സിറ്റിംഗ് നൽകുകയും ശേഷം അഭ്യാസികൾ ഡോർമിറ്ററി – 'എ'യിൽ വെച്ച് സെമിനാർ തുടരുകയും ചെയ്തു.







അടുത്ത ദിവസം സഹോദരി ഗീതുവിൻെറ അപ്പാർട്മൻറ് ഉദ്ഘാടനം ചെയ്യാൻ വേണ്ടി മാസ്റ്റർ തൻെറ മോട്ടോർ ഘടിപ്പിച്ച വീൽചെയറിൽ എത്തി. സെമിനാറിൽ പങ്കെടുക്കുന്നവരേയും ഇവിടേക്ക് ക്ഷണിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം വൈകുന്നേരമായപ്പോൾ കോട്ടേജിലേക്ക് തിരിച്ചു. വീൽചെയറിൽ കുറച്ചു നേരം സഞ്ചരിച്ചതിനാൽ അദ്ദേഹത്തിൻെറ കാലിൽ കുമിളകൾ രൂപപ്പെട്ടിട്ടുണ്ടായിരുന്നു. ഇതു പൊട്ടുകയും അദ്ദേഹത്തിന് കഠിനമായ വേദന അനുഭവപ്പെടുകയും ചെയ്തു. ഡോക്ടർമാർക്ക് കാലിലെ തൊലി അൽപം മാറ്റേണ്ടതായും മാസ്റ്റർക്ക് അത് ഉണങ്ങുന്നതുവരെ കാലു പൊന്തിച്ചിരിക്കേണ്ടതായും വന്നു. ഇപ്പോഴുള്ള അസ്വസ്ഥതകൾക്കു പുറമെ ഈ പുതിയ പ്രശ്നം കൂടെ വന്നത് സങ്കടകരമായിരുന്നു.

ഒക്ടോബർ നാലാം തിയ്യതി സഹോ.പി. ആർ കൃഷ്ണ മറ്റ് അഭ്യാസികളോടൊപ്പം തിരുവള്ളൂരിൽ സ്ഥലം സന്ദർശിക്കാൻ പോവുകയും പ്രാഥമികമായ ഒരു പ്ലാൻ കൊണ്ടു വരികയും ചെയ്തു. മാസ്റ്റർ തത്ക്കാലം കൃഷി നടത്താൻ ആഗ്രഹിക്കുന്ന ഈ സ്ഥലത്തിൻെറ മുഴുവൻ പ്രവൃത്തി ചുമതലകളും അദ്ദേഹം സഹോദരൻ പി.ആർ കൃഷ്ണക്ക് കൈമാറിയതായി പറഞ്ഞു. ശനിയാഴ്ച രാവിലെ സെമിനാറിൽ പങ്കെടുക്കുന്നവരെ കാണാൻ മാസ്റ്റർ തീരുമാനിച്ചിരുന്നെങ്കിലും ദേഹാസ്വാസ്ഥ്യങ്ങൾ കാരണം അദ്ദേഹത്തിന് പുറത്തുവരാൻ സാധിച്ചില്ല. എങ്കിലും അദ്ദേഹം അന്നു തിരിച്ചു പോവാനിരുന്ന ഇരുപതോളം അഭ്യാസികളുമായി ക്ഷമയോടെ കൂടിക്കാഴ്ച നടത്തി. സഹോ. കമലേഷ് സത്സംഗം നടത്തുകയും ഡോർമിറ്ററി – 'എ'യിൽ വെച്ച് ബാക്കിയുള്ള സെമിനാർ പങ്കാളികളെ അഭിസംബോധന ചെയ്യുകയും ചെയ്തു.

ഞായറാഴ്ച മാസ്റ്റർക്ക് സുഖമില്ലാഞ്ഞതിനാൽ അദ്ദേഹം സഹോ. കമലേഷിനോട് മെഡിറ്റേഷൻ ഹാളിൽ വെച്ച് സത്സംഗം നടത്തുവാനും സഹോ. പി.ആർ കൃഷ്ണയോട് സെമിനാറിൽ പങ്കെടുക്കുന്നവർക്ക് കോട്ടേജിൽ വെച്ച് സത്സംഗം നടത്തുവാനും ആവശ്യപ്പെട്ടു. സത്സംഗത്തിനു ശേഷം സെമിനാർ പങ്കാളികളോടൊത്ത് കുറച്ചു നേരം ചിലവഴിക്കാൻ വേണ്ടി മാസ്റ്റർ പുറത്തേക്കു വന്നു. അന്തരീക്ഷം അദ്ദേഹത്തിൻെറ സ്നേഹം കൊണ്ട് നിറഞ്ഞു. പല അഭ്യാസികളും കണ്ണുനീർ പൊഴിക്കുന്നുണ്ടായിരുന്നു. അഭ്യാസികളുടെ ഹൃദയത്തെ മാസ്റ്റർ ഗാഢമായി സ്പർശിച്ചിരുന്നു. മാസ്റ്റർ പാചക സംഘത്തിനോട് അവിടെ ഉണ്ടായിരുന്ന എല്ലാവർക്കും മധുരവും മറ്റും വിളമ്പാൻ



ആവശ്യപ്പെട്ടു. ചൈനീസ്/വിയറ്റ്നാമീസ് അഭ്യാസികൾ ഒരു സാംസ്കാരിക പരിപാടിയും അവതരിപ്പിച്ചു.


ഈ സമ്മേളനത്തിൽ മാസ്റ്റർ അദ്ദേഹത്തിനുള്ളതെല്ലാം നൽകിയെന്നു നമുക്കു മനസ്സിലാക്കാം. അന്നു പോകുവാനിരുന്ന അഭ്യാസികളുടെ കൂടെ അദ്ദേഹം തൻെറ അനാരോഗ്യം കണക്കിലെടുക്കാതെ സമയം ചിലവഴിച്ചു.

ചൈനീസ് ഭാഷയെക്കുറിച്ച് അദ്ദേഹം പറഞ്ഞു, “നമ്മൾ ആ മാനസികാവസ്ഥയിൽ എത്തിയാൽ നമുക്കു എന്തും പഠിക്കുവാൻ സാധിക്കും. ഞാൻ ചൈനീസ് പഠിക്കുന്നുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ 52 സ്വരഭേദങ്ങളുണ്ട് എന്നാൽ ചൈനീസിൽ നാലെണ്ണം മാത്രമേയുള്ളൂ. ചൈനീസ് ഭാഷ മനോഹരവും അർത്ഥപൂർണ്ണവുമാണ്. ഉദാഹരണത്തിനു, ചൈനീസിൽ, “സന്തോഷം” എന്ന വാക്കു “ഹൃദയം തുറക്കൂ” എന്ന് അർത്ഥം വരുന്ന രണ്ടക്ഷരം കൊണ്ടാണു എഴുതുന്നത്.

ഒക്ടോബർ 7 ആയിരുന്നു ചൈനീസ് സെമിനാറിൻെറ അവസാന ദിവസം. മാസ്റ്റർ അതിൽ പങ്കെടുത്തവർക്കു 45 മിനിറ്റ് ദൈർഘ്യമുള്ള സിറ്റിംഗ് കൊടുത്തു. സിറ്റിങ്ങിനു ശേഷം മാസ്റ്റർ ക്ഷീണിതനായിരുന്നു എങ്കിലും കുറച്ചു അഭ്യാസികളെ കാണുകയും, അഭിവാദനം ചെയ്യുകയും അതിനു ശേഷം വിശ്രമിക്കുവാനായി പോവുകയും ചെയ്തു.

“ എല്ലാവരിലും പ്രാണനുണ്ട്, എന്നാൽ ആത്യന്തികമായി സ്വസത്തയിൽ ലയിക്കുന്ന പ്രാണൻെറ പ്രാണനെയാണ് നാം തേടേണ്ടത്.”

*കംപ്ലീറ്റ് വർക്സ് ഓഫ് രാംചന്ദ്ര, വാല്യം 3, പേജ് 147*



## സഹോ. കമലേഷ് പട്ടേലിൻെറ ഗുജറാത്ത് പര്യടനം

സഹോ.കമലേഷ് സപ്തംബർ 11-നു അഹമ്മദാബാദിലെത്തി. വ്യക്തിപരമായ യാത്രയാണെന്നായിരുന്നു അറിയിച്ചിരുന്നതെങ്കിലും അദ്ദേഹം തൻെറ താമസത്തിനിടയിൽ ഗുജറാത്തിലെ പ്രധാനപ്പെട്ട സെൻററുകളും സന്ദർശിച്ചു.

15-ാം തിയ്യതി അദ്ദേഹം, ഏകദേശം 900 അഭ്യാസികൾ കൂടിയിരുന്ന അഹമ്മദാബാദിലെ അടലജ് ആശ്രമത്തിൽ സത്സംഗം നടത്തുകയും അവരോട് ചിട്ടയായ സാധനയുടെ പ്രാധാന്യത്തെക്കുറിച്ചു സംസാരിക്കുകയും ചെയ്തു. അദ്ദേഹം, നമ്മുടെ ചേതനയെ കൂടുതൽ ശുദ്ധവും സൂക്ഷ്മബോധത്തോട് കൂടിയതും ആയി മാറ്റണമെന്നും അതിനായിട്ടാണു നാം ധ്യാനിക്കേണ്ടതെന്നും പറഞ്ഞു. അഹമ്മദാബാദിൽ അദ്ദേഹം പരിമിത സംഖ്യയിൽ മാത്രം ലഭ്യമായ “എസോടെറിക് സിംബൽ പെൻറ്റൻറ്” അവതരിപ്പിച്ചു. പല സെൻററുകളിൽ നിന്നുമുള്ള അഭ്യാസികളുടെ കൂട്ടത്തെ അദ്ദേഹം കണ്ടു.

16-നു കമൽപൂർ സന്ദർശിച്ചതിനു ശേഷം ചൊവ്വാഴ്ച അദ്ദേഹം ഭാവ്നഗരിലേക്കു യാത്രതിരിച്ചു. മാസ്റ്ററോടുകൂടിയുള്ള ഏറ്റവും പ്രധാനപ്പെട്ട നിമിഷത്തെ കുറിച്ചു ചോദിച്ചപ്പോൾ, തന്നെ പിൻഗാമിയായി തിരഞ്ഞെടുത്ത നിമിഷമാണെന്നു അദ്ദേഹം മറുപടി പറഞ്ഞു. പിന്നീട് അദ്ദേഹം വഡോധരക്കും സൂറത്തിലേക്കും പോയി.



സൂറതിൽ വച്ച് ഒരു ചോദ്യോത്തര വേളയിൽ അദ്ദേഹം സാധനയുടെ വിവിധ വശങ്ങളെക്കുറിച്ചു വിശദീകരിച്ചു. സൂറത് സെൻററിലേക്കു ഒരു ധ്യാനകേന്ദ്രം ഉണ്ടാക്കി സംഭാവന ചെയ്യാനുള്ള ഒരു അഭ്യാസിയുടെ സന്നദ്ധത അദ്ദേഹം സ്വീകരിച്ചു. പിന്നീട് അദ്ദേഹം നവ്സാരി ആശ്രമത്തിലേക്കും അവിടെ നിന്നും വൽസാടിലേക്കും പോയി. അവിടെ ആളുകളെ കണ്ടു സത്സംഗം നടത്തിയശേഷം അദ്ദേഹം അന്നു രാത്രി വഡോദരക്കു തിരിച്ചു പോയി. സപ്തംബർ 21-നു ഗുജറാത്തിൽ അങ്ങോളമിങ്ങോളമുള്ള ഏകദേശം 1000 അഭ്യാസികൾ വഡോദരയിൽ ഒത്തുകൂടി. ഞായറാഴ്ച, സത്സംഗത്തിനുശേഷം അദ്ദേഹം നമ്മുടെ സാധനയുമായി ബന്ധപ്പെട്ട സൂക്ഷ്മശാസ്ത്രത്തെക്കുറിച്ച് സംസാരിച്ചു. അതിനടുത്ത ദിവസം അദ്ദേഹം ആനന്ദ് സന്ദർശിച്ചതിനു ശേഷം 25-നു അഹമ്മദാബാദിലേക്കു തിരിച്ചു പോയി. 27-ാം തിയ്യതി അദ്ദേഹം അഡലജ് ആശ്രമത്തിൽ, ഗുജറാത്ത്, രാജസ്ഥാൻ, മഹാരാഷ്ട്ര, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിൽ നിന്നുമായി എഴുപത്തിയഞ്ചു അഭ്യാസികൾ പങ്കെടുത്ത GITP പ്രോഗ്രാം ഉദ്ഘാടനം ചെയ്യുവാനായി സന്ദർശിച്ചു.

30-നു കഡിയിൽ അദ്ദേഹം നടത്തിയ സത്സംഗത്തിൽ, കഡി, പാലൻപുർ, മെഹ്സാന, കലോൾ, ഉൺജ എന്നിവിടങ്ങളിൽ നിന്നുമുള്ള 125-ഓളം പുതിയ അഭ്യാസികൾ പങ്കെടുത്തു. സഹോ.കമലേഷ് അവർക്കു ഇതുപോലൊരു സൂക്ഷ്മമായ പദ്ധതി സ്വീകരിക്കുന്നതിൻെറ പ്രാധാന്യത്തെക്കുറിച്ചു സംസാരിച്ചു. പിന്നീട്, അദ്ദേഹം അഹമ്മദബാദിലേക്കു പോവുന്നതിനു മുൻപ് കാലോളിൽ അഭ്യാസികളുമായി സമയം ചിലവഴിച്ചു. ഒക്ടോബർ 2-നു അദ്ദേഹം തൻെറ ഗുജറാത്ത് യാത്ര അവസാനിപ്പിച്ച് ചെന്നൈയിലേക്കു തിരിച്ചു പോയി.





## ആശ്രമ നടത്തിപ്പു പരിപാടി

ആഗസ്റ്റ് 20 മുതൽ 24 വരെ മണപ്പാക്കത്തിൽ രാജ്യത്തിന്റെ എല്ലായിടത്തു നിന്നുമുള്ള സെൻറർ ഇൻ ചാർജുകളും, താത്പര്യമുള്ള സ്വയംസേവകരും, ആശ്രമ മാനേജർമാരും അടങ്ങിയ നാൽപത്തഞ്ചോളം പേർക്കായി ഒരു അഞ്ചു ദിവസ പരിപാടി നടത്തപ്പെട്ടു. മാസ്റ്ററുടെ പ്രചോദനത്താൽ നടത്തപ്പെട്ട ഈ പരിപാടിമൂലം ആശ്രമങ്ങളുടെ നടത്തിപ്പിൽ ഒരു പ്രഫഷണൽ സമീപനം ഉണ്ടാവണമെന്ന് അദ്ദേഹം ആഗ്രഹിച്ചതായി സൂചിപ്പിച്ചിരുന്നു. ഓരോ ദിവസത്തേക്കും ഓരോ വിഷയമുണ്ടായിരുന്നു: നമ്മുടെ ആശ്രമങ്ങൾക്കായി ഒരു കാഴ്ച്ചപ്പാട് രൂപീകരിക്കൽ, ഒരു ആശ്രമം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതികൾ, ആധ്യാത്മികത ആഗ്രഹിക്കുന്നവരുടെ സേവനത്തിനായി നമ്മുടെ ആശ്രമങ്ങളെ രൂപപ്പെടുത്തുക, ആശ്രമങ്ങളുടെ ഭരണം, ആശ്രമങ്ങളുടെ പ്രവർത്തനത്തിൽ ഒരു വിശ്വാസവും പരസ്പര ധാരണയും ഉണ്ടാക്കുക തുടങ്ങിയവ. പരിപാടികളിൽ സത്സംഗങ്ങൾ, പ്രഭാഷണങ്ങൾ, അവതരണങ്ങൾ, മാസ്റ്ററുടെ വീഡിയോ റെക്കോഡിങ്ങുകൾ, സംഘംചേർന്ന ചർച്ചകൾ എന്നിവക്കു പുറമെ മണപ്പാക്കം ആശ്രമത്തിലെ മുഖ്യമായ മുപ്പത്തിരണ്ട് വകുപ്പുകളിലേക്കുമുള്ള സന്ദർശനങ്ങളുമുണ്ടായിരുന്നു.

രണ്ടാമത്തെ ദിവസത്തിൽ ആശ്രമാന്തരീക്ഷം എല്ലാവർക്കും കൂടുതൽ സ്വാഗതാർഹവും ഊഷ്മളവുമാക്കുവാൻ വേണ്ടി ചെയ്യാവുന്ന ചില ആശയങ്ങൾ പങ്കുവെച്ചുകൊണ്ട് സഹോ. കമലേഷ് സ്വാഗത പ്രസംഗം നടത്തി. അനാരോഗ്യത്തിന്റെ വിഷമതകൾക്കിടയിലും മാസ്റ്റർ അവസാനത്തെ രണ്ട് ദിവസങ്ങളിലും പ്രഭാഷണങ്ങൾ നടത്തി. അവസാനത്തെ ദിവസം സത്സംഗത്തിനുശേഷം മാസ്റ്റർ ആശ്രമപരിപാലനം ശരിയായി ഓരോ വ്യക്തിയുടേയും ആന്തരിക പരിപാലനത്തിൽ തുടങ്ങണമെന്നും, ഓരോരുത്തരും അവരവരുടെ ഹൃദയത്തിൽ ആശ്രമമുണ്ടാക്കണമെന്നും ഊന്നിപറഞ്ഞുകൊണ്ടു ഒരു പ്രഭാഷണം നടത്തി. ആശ്രമപരിപാലനം സഹജമാർഗ്ഗ ജീവിതരീതിയുടെ ആകെത്തുകയാണെന്ന് അദ്ദേഹം പറഞ്ഞു.



## പുതിയ കേന്ദ്രം – പച്ചോർ, മധ്യപ്രദേശ്

പച്ചോറിലേയും സമീപപ്രദേശങ്ങളിലുമുള്ള 150 ഓളം വരുന്നവർക്കായി മധ്യപ്രദേശിലെ രാജ്ഗർ ജില്ലയിലെ പാച്ചോറിൽ ഒരു പൊതുസദസ്സ് ഒക്ടോബർ 2-ാം തീയ്യതി നടത്തി. സഹോ.രുചി ശ്രീവാസ്തവയുടെ ഒരു ആമുഖ പ്രസംഗത്തിനുശേഷം സഹോ.പ്രഭാകർ ദാസ് ആധ്യാത്മികതയുടെ ആവശ്യകതയെക്കുറിച്ചും, സഹജമാർഗ്ഗത്തിലെ മാസ്റ്റർമാരെക്കുറിച്ചും മിഷൻ തരുന്ന സേവനങ്ങളെക്കുറിച്ചും വിശദമായി സംസാരിച്ചു. സഹോ.സംഗീത ദാസ് സാധന പദ്ധതികളെക്കുറിച്ചും അവ നമ്മുടെ ദൈനംദിന ജീവിതത്തെ എപ്രകാരം ബാധിക്കുന്നുവെന്നും വിശദീകരിച്ചു. ഒരു ചെറിയ ചോദ്യോത്തരവേളക്കുശേഷം ഇരുപത്തഞ്ച്പേർ സാധന ഉടൻ തുടങ്ങുവാനുള്ള സമ്മതം പ്രകടിപ്പിച്ചു. അവർക്ക് അവരവരുടെ കർത്തവ്യത്തെക്കുറിച്ചും പ്രതിജ്ഞാബദ്ധതയെക്കുറിച്ചും വിശദീകരിച്ചു കൊടുത്തു. പത്തുപേർ ഉടനെയും ബാക്കിയുള്ളവർ അടുത്തയാഴ്ച്ചയും സിറ്റിംഗ് എടുത്തു. ഇപ്രകാരം ഒരു പുതിയ സെൻറർ മധ്യപ്രദേശിൽ വളരെ സ്വാഭാവികമായരീതിയിൽ രൂപംകൊണ്ടു.

## ആന്ധ്രപ്രദേശിലെ കൊലകലുരുവിൽ റീജിണൽ അശ്രമം

വിജയവാഡ, ഗുണ്ടൂർ, തെനാലി, മംഗളഗിരി എന്നീ പട്ടണങ്ങളിലെ അഭ്യാസികളുടെ ആധ്യാത്മികാവശ്യങ്ങൾക്കായി ഗുണ്ടൂരിലെ എം.ജി.ബ്രദേർസ് എന്ന റിയൽ എസ്റ്റേറ്റ്സ് അൻപതേക്കറോളം ഭൂമി സംഘടിപ്പിച്ചിരുന്നു. സുമാർ 18.75 ഏക്കർ ഭൂമി ആശ്രമത്തിനും ബാക്കി അഭ്യാസികൾക്കുമായി ശ്രീ പാർഥസാരഥി നഗർ റെസിഡെൻറ്സ് കോളനിക്കും മാറ്റിവെച്ചിരുന്നു.

മാസ്റ്ററുടെ അനുഗ്രഹത്തോടെ സഹോ.മധു കോത്തപള്ളി (സോണൽ ഇൻ ചാർജ്) 2012 ഫെബ്രുവരി 2-ാം തീയ്യതി ശിലാസ്ഥാപനം നിർവ്വഹിച്ചു. ആശ്രമത്തിന്റെ ഉദ്ഘാടനം സപ്തംബർ 8-ാം തീയ്യതി ചെന്നൈയിൽനിന്നും തത്സമയ സംപ്രേക്ഷണംവഴി മാസ്റ്റർ നടത്തുകയും പൂജ്യ ബാബുജി മഹാരാജിനു സമർപ്പിക്കുകയും ചെയ്തു. മാസ്റ്റർ പ്രസ്താവിച്ചു:“ആശ്രമങ്ങൾ ഉപയോഗപ്പെടുത്തണം, അല്ലാതെ അവ വിദ്യാർത്ഥികളില്ലാത്ത വിദ്യാലയങ്ങൾ പോലെയാകരുത്”. കൊലകലുരുവിലെ അഭ്യാസികൾ ഈ സന്ദർഭം ഭക്തി നിർഭരമായ ഹൃദയത്തോടുകൂടി അഘോഷിച്ചു. അവിടെ ഇപ്പോൾ പതിവായി സത്സംഗങ്ങളും മുഴുദിന പരിപാടികളും നടത്തിവരുന്നു.

## യുവാക്കൾക്കായുള്ള പരിപാടികൾ

### അഹമദ്നഗർ, മഹാരാഷ്ട്ര



സഹോദരിമാർ തയ്യാറാക്കിയ വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം ഒക്റ്റോബർ 6-ാം തീയ്യതി 22 യുവതീ യുവാക്കളടങ്ങിയ ഒരു സംഘം എഫേർട്സ് പ്ലാനിറ്റേറിയം സന്ദർശിച്ചു. അവിടെ എത്തി റജിസ്ട്രേഷൻ ചെയ്യതിനുശേഷം അവർ പരസ്പരം പരിചയപ്പെട്ടു. അതിനുശേഷം മിഷൻെറ സാഹിത്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ ഉപയോഗിച്ച് ഡംബ്ഷരാഡ്സ് എന്ന കളിയിൽ ഏർപ്പെട്ടു. വാക്കുകൾ ഒന്നും ഉപയോഗിക്കാതെ ഹൃദയം കൊണ്ട് മാത്രം എങ്ങനെ ആശയവിനിമയം നടത്താം എന്നതിന് ഇതൊരു ഉത്തമ ഉദാഹരണമായിരുന്നു. അതിനുശേഷം മുൻകൂട്ടി തീർച്ചപ്പെടുത്തിയ പ്രകാരം പ്ലാനറ്റോറിയത്തിൽ നടത്തിയ പരിപാടി: സൗരപഥം, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ എന്നിവയെപ്പറ്റി അറിയാൻ വളരെ ഉപകരിച്ചു. അഭ്യാസികൾക്കിടയിൽ സൗഹൃദം വളർത്താൻ ഈ പരിപാടി സഹായിച്ചു.

### ഭിൽവാഡ, രാജസ്ഥാൻ

എല്ലാ മാസവും നടത്താറുള്ള പരിപാടികളുടെ ഭാഗമായി ആഗസ്റ്റ് 25-ന 12 യുവാക്കളും 2 കുട്ടികളും ഹർണി മഹാദേവിലേക്ക് ഒരു ഉല്ലാസ യാത്രക്കായി പോയി. എങ്ങിനെയാണ് സഹജമാർഗ്ഗ പരിശീലനം തുടങ്ങിയതെന്നും എന്തായിരുന്നു അവരുടെ ലക്ഷ്യമെന്നും പങ്കെടുത്തവർ വിവരിച്ചു. പലർക്കും യഥാർത്ഥ ലക്ഷ്യമെന്താണെന്നറിയില്ലെന്ന് ഈ ചർച്ചയിൽ നിന്നു മനസ്സിലായി. മിഷൻ സാഹിത്യങ്ങളിൽ നിന്ന് ഇതിനോട് ബന്ധപ്പെട്ട ഭാഗങ്ങൾ അവരെ വായിച്ചു കേൾപ്പിച്ചു. ഈ വിഷയത്തെപ്പറ്റി ഇനിയും ചർച്ച ചെയ്യേണ്ടത് ആവശ്യമാണെന്ന് മനസ്സിലാക്കി എല്ലാ ഞായറാഴ്ചകളിലും സത്സംഗത്തിനുശേഷം 15-20 മിനിറ്റ് നേരം ഒന്നിച്ചിരിന്നു അവരുടെ അനുഭവങ്ങൾ പങ്കുവെക്കണമെന്ന് തീർച്ചപ്പടുത്തി.





### യു. എൻ. അന്താരാഷ്ട്ര യുവദിനം - വെബിനാർ

2005 ഡിസംബർ 12-ന തുടങ്ങി ഐക്യരാഷ്ട്ര സഭയുടെ പൊതുവിവര വിഭാഗത്തിൽ നമ്മുടെ മിഷൻ ഒരു NGO അംഗമാണ്. ജാതിമത ഭേദമന്യെ എല്ലാ മനുഷ്യർക്കുമിടയിൽ സ്നേഹവും സൗഹാർദവും വളർത്തുകയാണ് ഇതിൻെറ ഉദ്ദേശ്യം.

2013 ആഗസ്റ്റ് 17-ന ഐക്യരാഷ്ട്ര സംഘടനയുടെ യുവദിനസ്മരണക്കായി 'സാർവ ലൗകിക പ്രാർത്ഥന - സ്നേഹം മാറ്റത്തിൻെറ ഇന്ധനം' എന്ന വിഷയത്തെപ്പറ്റി ഒരു വെബിനാർ നടത്തി. ലോകത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള 4649 പേർ പങ്കെടുത്തു. ബ്രസീലിലെ സോ പോളൊവിൽ നിന്നു സഹോ.ആന്ദ്രെ ബരേട്ടൊ എല്ലാവരേയും പരിചയപ്പെടുത്തി. അതിനുശേഷം യുവാക്കൾക്കായി മാസ്റ്റർ ചെയ്യ പ്രഭാഷണത്തിൻെറ വീഡിയൊ പ്രദർശിപ്പിച്ചു. നമ്മുടെ മിഷൻ UNDPI-യുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെപ്പറ്റി പാരിസിൽ നിന്നുള്ള സഹോ.ഏക്ക ബൗദർലിക് വിവരിച്ചു. 1999 നവംബർ 17-ന ബാബുജി മഹരാജ് വിസ്പേർസ് വഴി നൽകിയ സന്ദേശം സഹോ. റിഷബ് കോത്താരി വായിച്ചു. അതിനുശേഷം അദ്ദേഹം ഈ സെമിനാറിൻെറ പ്രധാന ആശയത്തെപ്പറ്റി സംസാരിച്ചു.

പ്രധാന പ്രസംഗത്തിനുശേഷം നടന്ന ചോദ്യോത്തര വേളയിൽ ഇതിൽ പങ്കെടുത്തവർ ചോദിച്ച ചോദ്യങ്ങൾക്ക് സഹോ. റിഷബും സഹോ. ഏക്കയും മറുപടി നൽകി.തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കാനും നേരിടുന്ന വെല്ലുവിളികൾ വിവരിക്കാനും യുവാക്കൾക്കു ഇതൊരു വേദിയായി. മണപ്പാക്കത്തുനിന്ന് ഒമേഗ സ്കൂളിലെ 150 വിദ്യാർത്ഥികളടക്കം 200 അഭ്യാസികൾ പങ്കെടുത്തു.

ഈ സെമിനാറിന് പ്രായോഗിക വശം നൽകിയ, അവസാന ചടങ്ങായി നടത്തപ്പെട്ട സാർവലൗകിക പ്രാർത്ഥന ഹൃദയസ്പർശിയായിരുന്നു. സ്നേഹം വഴി മാറ്റം കൊണ്ടുവരുന്നതിൽ പ്രാർത്ഥനക്കുള്ള പ്രാധാന്യം ലോകമെമ്പാടുമുള്ള സംസ്കാരങ്ങൾ തിരിച്ചറിയുന്നു. ഈ സെമിനാറിനുശേഷം പല കേന്ദ്രങ്ങളിലും ആശ്രമങ്ങളിലും പ്രാർത്ഥന നടത്തിയപ്പോൾ എല്ലാവർക്കും പരസ്പരം ഇണക്കപ്പെട്ട അനുഭവം ഉണ്ടായതായും ഒരു മെച്ചപ്പെട്ട ലോകം സൃഷ്ടിക്കുന്നതിനായി അന്യോന്യം സഹായിക്കുന്നതായും തോന്നി.

# പ്രിഫക്റ്റ് മീറ്റിംഗ്






## ട്രിച്ചി, തമിഴ്നാട്

സപ്തംബർ 21-ന തമിഴ്നാട് Zone 2A ZIC സഹോ.മുരുഗനും പ്രിഫെക്റ്റുമാരും, ഇന്ത്യയുടെ ചുമതല വഹിക്കുന്ന സഹോ. രാജേഷ് രാഥോടും ട്രിച്ചിയിൽ വന്നിരുന്നു. രാവിലെ 7.30-ന് സത്സംഗത്തോടുകൂടിയാണ് പരിപാടി ആരംഭിച്ചത്. അതിനുശേഷം 'എങ്ങിനെ സിറ്റിംഗ് കൊടുക്കാം' എന്ന വീഡിയൊ പ്രദർശനവും തുടർന്ന് ട്രിച്ചിയിൽ 2013 ജനവരി 23-ന Deepening Prefect Experience എന്ന പരിപാടിയിൽ മാസ്റ്റർ ചെയ്ത പ്രഭാഷണത്തിൻെറ വീഡിയൊ പ്രദർശനവും ഉണ്ടായിരുന്നു. അതിനുശേഷം 'നിങ്ങളുടെ കേന്ദ്രത്തിൽ ഏറ്റവും നന്നായി തോന്നുന്നതെന്താണ്', 'നിങ്ങളുടെ കേന്ദ്രത്തിൽ മാറ്റം വരുത്താനായി കഴിഞ്ഞ ഒരു വർഷത്തിൽ ചെയ്ത പുതിയ കാര്യങ്ങൾ എന്തെല്ലാമാണ്' എന്നീ വിഷയങ്ങളെപ്പറ്റി ചർച്ച നടത്തി. എല്ലാവരും അവരവരുടെ അനുഭവങ്ങൾ പങ്കുവച്ചു. മറ്റു കേന്ദ്രങ്ങളിൽ നിന്നു പലതും പഠിക്കാൻ പ്രിഫെക്റ്റ്മാർക്ക് ഇതൊരു അവസരമായിരുന്നു. അതിനുശേഷം Zone 2A-യിനെപ്പറ്റിയുള്ള വിവരങ്ങൾ സഹോ. മുരുഗൻ അവതരിപ്പിച്ചു. പ്രിഫെക്റ്റ്മാരിൽനിന്നു എന്താണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചു. ഉച്ചക്കുശേഷം അവസരങ്ങളെപ്പറ്റിയും അതോടൊപ്പം ആശങ്കയെപ്പറ്റിയും ചർച്ച ചെയ്തു. അതിനുശേഷം സഹോ. രാജേഷ് പല കാര്യങ്ങളിലുമുള്ള സംശയങ്ങൾ തീർത്തു. 'എങ്ങിനെ ഒരു മെച്ചപ്പെട്ട പ്രിഫെക്റ്റ് ആകാം' എന്ന മാസ്റ്ററുടെ വീഡിയൊ പ്രദർശിപ്പിച്ചു. 6.00 മണിക്കുള്ള സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

## ലക്നൊ, ഉത്തർപ്രദേശ്

സഹോ.യു.എസ്. ബാജ്പൈയുടെ സാനിദ്ധ്യത്തിൽ സപ്തംബർ 28-29 തിയ്യതികളിൽ ലക്നൊ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വച്ച് മേഖലാതലത്തിലുള്ള രണ്ട് ദിവസത്തെ ഒരു സമ്മേളനം സംഘടിപ്പിച്ചിരുന്നു. ഇതിൽ ഉത്തർപ്രദേശ് (Central) മേഖലയിൽ നിന്നു ഏകദേശം 100 പ്രിഫെക്റ്റ്മാർ പങ്കെടുത്തു. സഹോ.അശോക് ഗാർഗ് (ZIC) പ്രിഫെക്റ്റ്മാരെ സ്വാഗതം ചെയ്ത് ഈ പരിപാടിയിൽ നിന്ന് ഫലമുണ്ടാകാൻ ഹൃദയവും മനസ്സും തുറന്നിരിക്കണം എന്നു പറഞ്ഞു. 'പരിപൂർണ്ണനായ പ്രിഫെക്റ്റ് ആകുക', 'എങ്ങിനെ സിറ്റിംഗ് കൊടുക്കാം', 'അച്ചടക്കത്തിൻെറ ആവശ്യകത' എന്നീ മാസ്റ്ററുടെ 3 വീഡിയോ പ്രദർശിപ്പിച്ചു. സഹോ. ജഡ്ജി ആർ. ആർ.കെ.ത്രിവേദി 'പ്രിഫെക്റ്റിൻെറ പങ്ക്' എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. സഹോ. കെ.കെ.സക്സേന Prefects Guide-ൽ നിന്നു ചില ഭാഗങ്ങൾ അവതരിപ്പിച്ചു. സ്നേഹം, സാഹോദര്യം, കാര്യക്ഷമത എന്നിവയുള്ള പ്രിഫെക്റ്റ്മാരാകാൻ സഹോ.ആഷിഷ് സിംഗ് പ്രേരിപ്പിച്ചു. ട്രിച്ചിയിൽ നടത്തിയ Deepening Prefects Experience എന്ന പരിപാടിയെ അടിസ്ഥാനമാക്കി സഹോ. പ്രിയദർശിനി സംസാരിച്ചു. സെൻററിൻെറ ചരിത്രം എങ്ങിനെ തയ്യാറാക്കാം എന്നതിനെപ്പറ്റി സഹോ. ഒ.പി.ഗുലിയയും, ആർ.എസ്.എൽ. ശ്രീവാസ്തവയും സംസാരിച്ചു. ZIC സഹോ. അശോക് ഗാർഗ് താൻ സന്ദർശിച്ച കേന്ദ്രങ്ങളെപ്പറ്റി സംസാരിച്ചു. സഹോ. യു.എസ്.ബാജ്പൈ നന്ദി പറഞ്ഞ് ഈ പരിപാടി അവസാനിപ്പിച്ചു. ഒരു പരിപൂർണ്ണനായ പ്രിഫെക്റ്റ് ആകണം എന്ന ഉറച്ച തീരുമാനത്തോടെ പ്രിഫെക്റ്റ്മാർ കേന്ദ്രങ്ങളിലേക്കു തിരിച്ചുപോയി.

## മംഗലാപുരം, കർണാടക

'നമ്മുടെ ആന്തരീകാവസ്ഥ എങ്ങനെ മനസ്സിലാക്കാം' എന്ന വിഷയത്തെപ്പറ്റി സഹോ.മോഹൻദാസ് ഒരു ശിൽപശാല സപ്തംബർ 1-ന സംഘടിപ്പിച്ചു. ഡയറി എഴുതുന്നത് വഴി സംവേദനക്ഷമതയും അവബോധവും എങ്ങനെ വളർത്തിയെടുക്കാം എന്ന് അദ്ദേഹം വിവരിച്ചു. സത്സംഗ സമയത്ത് നമുക്കുണ്ടാകുന്ന ശാന്തി, സമാധാനം സ്ഥലകാല ബോധം, ആഴം, മുഴുകൽ എന്നിവയെപ്പറ്റി ഡയറിയിൽ കുറിച്ചുവക്കണം. നമ്മെ ശുദ്ധീകരിക്കാനും നമ്മിൽ സഹജാവബോധം വളർത്തിയെടുക്കാനും ഡയറി എഴുത്ത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അവസ്ഥയും അനുഭവവും വ്യത്യസ്തമായ രണ്ട് കാര്യങ്ങളാണ്. അവസ്ഥ എന്നത് അപ്പോഴത്തെ സ്ഥിതിവിശേഷമാണ്. 'തീവ്രാഭിലാഷം വളർത്തിയെടുക്കാനുള്ള മാർഗങ്ങൾ' എന്ന വിഷയത്തെപറ്റി ചർച്ച ഉണ്ടായിരുന്നു. പ്രാരംഭ സിറ്റിങ്ങുകളുടെ തുടക്കത്തിലും അവസാനത്തിലും അഭ്യാസികൾക്കുണ്ടാകുന്ന അനുഭവങ്ങൾ പങ്കുവക്കാൻ അഭ്യാസികളോട് നിർദ്ധേശിച്ചു. യാന്ത്രികമായി ചെയ്യാതെ ഹൃദയത്തെ ഉൾക്കൊള്ളിച്ച് ശരിയായ ഭാവത്തിൽ സാധന ചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പറ്റി അദ്ദേഹം വിവരിച്ചു. സാധ്യമാകുമ്പോഴെല്ലാം മാസ്റ്ററെ നേരിൽ കാണുകയും ആന്തരിക ബന്ധം നിലനിർത്തുകയും ചെയ്യുന്നത് തീവ്രാഭിലാഷം വളർത്തിയെടുക്കാനുള്ള സുനിശ്ചിത മാർഗമാണ്.





**മനനയോഗം – തിപ്ടൂർ, കർണ്ണാടക**

അഭ്യാസികളെ ചടങ്ങുകൾക്ക് അതീതരാക്കുക, പരിശീലനത്തിലെ കുറവുകൾ നികത്തി അതിൽ കൂടുതൽ അവബോധം വളർത്തുക, സ്വന്തം സ്വഭാവവളർച്ചയെക്കുറിച്ച് ആത്മപരിശോധന നടത്തുക തുടങ്ങിയ ഉദ്ദേശ്യങ്ങൾക്കായി കന്നഡ ഭാഷയിൽ സാധനേയ ചിന്തന പരിപാടി സപ്തംബർ 14നും 15 നും കർണ്ണാടകയിലെ തിപ്ടൂരിൽ സംഘടിപ്പിച്ചു. ഏകദേശം നാൽപതു പേർ ഇതിൽ പങ്കെടുത്തു. സമ്പ്രദായത്തേയും പരിശീലനത്തേയുംകുറിച്ച് കൂടുതൽ ധാരണ വളർത്തുന്നതിന് ഇത് സഹായകമായി എന്ന് പങ്കെടുത്തവരുടെ അഭിപ്രായങ്ങളിൽനിന്നും ബോദ്ധ്യമായി. പരിപാടി അവതരിപ്പിച്ചത് സഹോ.ശ്രീനിവാസനും ഡോ.കൃഷ്ണ മൂർത്തിയുമാണ്.

**തുംകുണ്ട ആശ്രമം, ആന്ധ്രപ്രദേശ്**

എല്ലാമാസത്തിലേയും ആദ്യത്തെ ശനിയാഴ്ച നടത്താറുള്ള സമാഗമത്തിന് സോണൽ ആശ്രമം ആതിഥ്യം വഹിച്ചു. ഒക്ടോബർ 5–ന് ഈ പരിപാടി രണ്ടുവർഷം തികച്ച ദിവസമാണ്. ഇതിൽ മാസ്റ്ററുടെ വീഡിയോ കാണുക, സഹജമാർഗത്തിലെ വിവിധവശങ്ങളെക്കുറിച്ചുള്ള ചർച്ച, പ്രാസംഗികരുടെ അവതരണങ്ങൾ, വിസ്പേഴ്സിലെ സന്ദേശങ്ങൾ വായിക്കൽ, ബന്ധപ്പെട്ട സിനിമകൾ കാണുക എന്നിവയാണ് പതിവായി ഉള്ളത്. മാസ്റ്ററെ കാണുവാൻ പോയപ്പോഴുള്ള അനുഭവങ്ങൾ, ക്രെസ്റ്റ്, റിട്രീറ്റ് സെൻതർ അനുഭവങ്ങൾ എല്ലാം അഭ്യാസികൾ പങ്കുവെക്കും. ഇത്തരം പരിപാടികൾ അവിടെ താമസക്കാരായ അഭ്യാസികളിൽ മെച്ചപ്പെട്ട ബന്ധം ഉരുത്തിരിയുന്നതിനും ഒന്നെന്ന മനോഭാവം വളർത്തുന്നതിനുമുള്ള ഒരു ഉപകരണമാകാറുണ്ട്. അവിടത്തെ അഭ്യാസികൾ ഉത്സാഹത്തോടെ ഇതിൽ ഭാഗഭാക്കാവാറുണ്ട്.



**കുംഭകോണം, തമിഴ്നാട്**

മിഷൻ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിന് പ്രചോദനം വളർത്തുക, വളർച്ചക്ക് അവസരമൊരുക്കി കൂട്ടായി പ്രവർത്തിക്കുക എന്നീ ഉദ്ദേശ്യത്തോടെ ZiC സഹോ. മുരുഗൻ 'സാഹിത്യങ്ങളിൽ നിന്നും പഠിക്കുക' എന്ന പരിപാടി നിർദ്ദേശിച്ചു. 22 സെൻററുകളിൽ നിന്നായി 60 അഭ്യാസികൾ പങ്കെടുത്ത ഈ പരിപാടി ജൂലായ് 27ന് ട്രിച്ചിയിൽ ആദ്യം സംഘടിപ്പിച്ചു. സോണിനെ, അഞ്ചോ ആറോ സെൻററുകളടങ്ങിയ 14 വിഭാഗങ്ങളായി തിരിക്കുകയും ഒരോ കോർഡിനേറ്റർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. കുംഭകോണം, കാരക്കൽ, തിരുവാരൂർ, നാഗപട്ടിണം, കുടുവാസൽ, മയിലാടുംതുറൈ അടങ്ങിയ വിഭാഗത്തിൻെറ യോഗം സപ്തംബർ 8–ന് കുംഭകോണത്തുവെച്ചായിരുന്നു. 23 അഭ്യാസികൾ *സത്യോദയം* വായിക്കാനായി തിരഞ്ഞെടുത്തു. പങ്കെടുത്തവർ പുസ്തകത്തിൽനിന്നും കാര്യങ്ങൾ മനസ്സിലാക്കുന്നതിന് കൂടുതൽ താൽപര്യം എടുക്കുകയും അങ്ങനെ അവരുടെ ധാരണകളെ കൂടുതൽ വ്യക്തമാക്കുന്നതിന് ഈ പരിപാടി ഉതകുകയും ചെയ്തു.

**അഞ്ചഡ്, മദ്ധ്യപ്രദേശ്**

സപ്തംബർ 8ന് സഹജമാർഗ സാധനയുടെ വിവിധ വശങ്ങളെകുറിച്ച്, നമ്മുടെ ആന്തരിക അവസ്ഥയെ നിരീക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക എന്ന ഭാഗം ഉൾക്കൊള്ളിച്ച് ഒരു പരിപാടി അഞ്ചഡ് സെൻററിൽ സംഘടിപ്പിച്ചു. ഇൻഡോറിൽ നിന്നുള്ള സഹോ. രാജേഷ്, ശൈലേന്ദ്ര, നിലേഷ്ശർമ എന്നിവരാണ് അഞ്ചാദ്, ദവന, തിക്രി, ബദ്വാനി എന്നിവിടങ്ങളിൽനിന്നുള്ള 40 അഭ്യാസികൾക്കായി ഈ പരിപാടി നടത്തിയത്. ലക്ഷ്യം നിർണ്ണയിക്കുന്നതിൻെറ പ്രാധാന്യം ചർച്ച ചെയ്തു. എങ്ങനെയാണ് ഞാൻ ധ്യാനവും ശുദ്ധീകരണവും ചെയ്യുന്നത് എന്നതിനെക്കുറിച്ചുള്ള ആത്മപരിശോധന നടത്തുകയും അത് എങ്ങനെയാണ് യഥാർത്ഥത്തിൽ ചെയ്യേണ്ടതെന്ന മാസ്റ്ററുടെ നിർദ്ദേശങ്ങളുടെ അവതരണവും, തങ്ങൾ അനുവർത്തിച്ചിരുന്നതിൽ എന്തെങ്കിലും വ്യതിചലനം ഉണ്ടായിരുന്നെങ്കിൽ അത് നേരെയാക്കുവാനും എല്ലാവരെയും സഹായിച്ചു. തങ്ങളുടെ ആത്മീയാവസ്ഥയെ നിലനിർത്തേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ചുള്ള ഒരു പരിപാടിയും ഉണ്ടായിരുന്നു. ഇതിൽ, എല്ലാവരോടും കുറച്ചു നിമിഷത്തേക്ക് തങ്ങളുടെ ആന്തരീകാവസ്ഥ നിരീക്ഷിക്കാനാവശ്യപ്പെട്ടു, അതിനുശേഷം പതിനഞ്ചു മിനിറ്റ് ധ്യാനത്തിലിരിക്കാനാവശ്യപ്പെടുകയും ചെയ്തു. തുടർന്ന് കുറച്ചുസമയം മൗനത്തിലിരുന്ന് തങ്ങളുടെ അവസ്ഥയിലുണ്ടായ മാറ്റത്തെ നിരീക്ഷിക്കുകയും അത് ഡയറിയിൽ കുറിച്ചുവെക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു.

## വാർത്താശകലങ്ങൾ



### കൊൽക്കത്ത

സപ്തംബർ 7ന് ലജ്പത് ബാലിക വിദ്യാലയത്തിലെ 58 പെൺകുട്ടികളും നാലു അദ്ധ്യാപകരും അവരുടെ വൈസ്പ്രിൻസിപ്പാളും കൂടി കൊൽക്കത്തയിലെ ബാബുജി മെമ്മോറിയൽ ആശ്രമം സന്ദർശിച്ചു. സമയം കൈകാര്യം ചെയ്യൽ, മനുഷ്യത്വം, കരുണ തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് VBSE നടത്തിയ പരീക്ഷണങ്ങൾ അവർക്ക് കാണിച്ചു കൊടുത്തു. മിഷനുമായി കൂടുതൽ ബന്ധപ്പെടുന്നതിന് അവരെല്ലാം ഔത്സുക്യം പ്രകടിപ്പിച്ചു. പരിശീലനം തുടങ്ങുന്നതിന് ചില അദ്ധ്യാപകർ താൽപര്യം പ്രകടിപ്പിച്ചു.

### കൊൽക്കത്ത

സപ്തംബർ 22ന് കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കിതിരിച്ച് പ്രാർത്ഥന ചൊല്ലുക, പ്രാർത്ഥനയും പത്തു പ്രമാണങ്ങളും കാണാതെ എഴുതുക തുടങ്ങിയവ ചെയ്യുവാൻ ആവശ്യപ്പെട്ടു. സ്നേഹം, അച്ചടക്കം, ധ്യാനം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് മുതിർന്ന കുട്ടികൾ ചെറു പ്രബന്ധങ്ങളെഴുതി. എഴുപതോളംകുട്ടികൾ ഉത്സാഹത്തോടെ പങ്കെടുത്തു. പ്രാർത്ഥനയുംപത്തു പ്രമാണങ്ങളും പഠിക്കുവാൻ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഈ പരിപാടി ഉത്തേജകമായി.



### വഡോദര, ഗുജറാത്

നവരാത്രിയോടനുബന്ധിച്ച് ഒക്ടോബർ 13ന് കുട്ടികളുടെ സെൻററിൽ 'ഗർബ' നൃത്തം സംഘടിപ്പിച്ചു.സത്സംഗത്തിനുശേഷം വർണ്ണപകിട്ടുള്ള 'ഗർബ' വസ്ത്രങ്ങളിൽ കുട്ടികൾ നൃത്തംചെയ്തു. അവരുടെ മാതാപിതാക്കളും മറ്റുള്ളവരും അവരുടെ കൂടെ പങ്കെടുത്തു. കൗതുകം നിറഞ്ഞ ആ അന്തരീക്ഷം ആനന്ദകരമായിരുന്നു.



### മൊറാദാബാദ്, ഉത്തർപ്രദേശ്

സപ്തംബർ 29ന് ഡയറി എഴുതുന്നതിനെ പ്പറ്റിയുള്ള ഒരു പരിപാടി നടത്തി. മൂന്നു ഗ്രൂപ്പുകളാക്കി തിരിച്ച 28 പേർ പങ്കെടുത്ത ഈ പരിപാടി നാലു പരിശീലകർ നടത്തി. പങ്കെടുത്തവർക്കെല്ലാം ഈ പരിപാടി സന്തോഷകരമായ ഒരു അനുഭവമായി. ഡയറിയിലെഴുതുന്ന നമ്മുടെ ആന്തരീകാവസ്ഥ മാസ്റ്റർക്ക് ഉടനടി അറിയാനാകുമെന്ന് ഏവരും മനസ്സിലാക്കി. ഉച്ചതിരിഞ്ഞ് 2.30 വരെ ഈ പരിപാടി തുടർന്നു.

### ഇന്തോർ, മദ്ധ്യപ്രദേശ്

മാസ്റ്ററുമായി ആന്തരീകബന്ധം സ്ഥാപിക്കുന്നതിനെപ്പറ്റി വിശകലനം ചെയ്യുവാൻ ആഗസ്റ്റ് 31ന് ആറ് അഭ്യാസികൾ ഒത്തുകൂടി. മാസ്റ്ററെ നമ്മുടെ ആദ്ധ്യാത്മിക ഹൃദയമായി കാണേണ്ടതിൻെറയും അദ്ദേഹത്തെ ആന്തരീകവൽക്കരിക്കേണ്ടതിൻേറയും ആവശ്യകതയെപ്പറ്റിയുള്ള ഒരു പ്രഭാഷണം *'മെസ്സേജസ് യൂണിവേർസൽ'* എന്ന പുസ്തകത്തിൽ നിന്നു വായിച്ചു. അഭ്യാസികളോട് ഇതിനെപ്പറ്റി ആത്മപരിശോധന നടത്തുവാനും അവരുടെ വിശകലനങ്ങൾ ഡയറിയിൽ രേഖപ്പെടുത്തുവാനും ആവശ്യപ്പെട്ടു.




### ചിക്കലി, മഹാരാഷ്ട്ര

ഒക്ടോബർ 6ന് അറുപത്തിഅഞ്ചോളം അഭ്യാസികൾ പങ്കെടുത്ത ഒരു മുഴുദിന പരിപാടിയിൽ 'നിരന്തരസ്മരണ' ചർച്ചാ വിഷയമായി. നേരത്തെ തയ്യാറായിവന്ന അഭ്യാസികൾ ചോദ്യങ്ങൾ ചോദിക്കുകയും അങ്ങനെ ഒരുചർച്ച ഉരുത്തിരിയുകയും ചെയ്തു. സഹോ.സൻജയ് ലഹോട്ടി ചർച്ച ഉപസംഹരിച്ചു.

കഴിഞ്ഞ രണ്ടു മാസമായി ചിക്കലി സെൻറർ ഒരു പുതിയ പരിപാടി നടത്താറുണ്ടായിരുന്നു. മൂന്നാമത്തെ ഞായറാഴ്ച സന്നിഹിതരായ അഭ്യാസികളെ പത്തു ഗ്രൂപ്പുകളായിതിരിച്ച്, ഓരോ ഗ്രൂപ്പിനും ഓരോ പുസ്തകങ്ങൾ നൽകി പ്രത്യേകം നിർദ്ദേശിച്ച രണ്ടു അദ്ധ്യായങ്ങൾ വായിക്കുവാൻ ആവശ്യപ്പെട്ടു. ഉച്ചഭക്ഷണസമയത്ത് സഹോ. തുൾസിറാം ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ള അദ്ധ്യായങ്ങളെ ബന്ധപ്പെടുത്തി പത്തു ചോദ്യങ്ങൾ വീതമുള്ള ചോദ്യാവലി തയ്യാറാക്കും. ഓരോ ചോദ്യാവലി നൽകിയതിനുശേഷം ഒരു മണിക്കൂറിനുള്ളിൽ ഉത്തരം എഴുതുവാൻ ആവശ്യപ്പെടും. ഗ്രൂപ്പുകൾ ചോദ്യങ്ങളും ഉത്തരങ്ങളും അവതരിപ്പിക്കും. ഏകദേശം രണ്ടുമണിക്കൂറോളം എടുക്കുന്ന ഈ പരിപാടി അഭ്യാസികളെ മിഷൻ പുസ്തകങ്ങൾ വായിക്കുവാൻ സഹായിക്കും.



## പൊതുസദസ്സുകൾ

**താനെ** ശുഭാരംഭ് ടവേർസ്സിൽ സപ്തംബർ 12–ന് ഇരുപതോളം ആദ്ധ്യാത്മിക അന്വേഷികൾക്കായി നടത്തിയ ഒരു പരിപാടിയിൽ ദൈവത്തെ വെളിയിൽമൂർത്തികളിൽ തിരയുന്നതിനു പകരം ഹൃദയത്തിൽ എപ്രകാരം അന്വേഷിക്കണമെന്നും ധ്യാനത്തിലൂടെ ഇതെങ്ങിനെ കൈവരിക്കാമെന്നും വിശദീകരിച്ചു. അഞ്ചാറു പേർ താൽപര്യം പ്രകടിപ്പിച്ചു.







**വിരുതനഗറിലെ** കാമരാജ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻറ് ടെക്നോളജിയിൽ ആഗസ്റ്റ് 17–ാം തീയ്യതി നടത്തിയ ഒരു പരിപാടിയിൽ 150 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഈ സന്ദർഭത്തിൽ സഹോ. ടി.കെ.അറുമുഖം, സഹോ. ബാലസുബ്രമണ്യൻ എന്നിവർ സംസാരിച്ചു. അതിനുശേഷം കുട്ടികൾ പ്രിൻസിപ്പാളിനെ കാണുകയും അദ്ദേഹം ഈ പദ്ധതിയിൽ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തു. കോളേജിൽ ധ്യാനപരിപാടി തുടങ്ങുവാൻ ആവശ്യമായ കാര്യങ്ങൾ എത്രയും പെട്ടെന്ന് ചെയ്യുതരാമെന്ന് അദ്ദേഹം ഉറപ്പു നൽകി.

### പുതിയ നിയമനം


**സഹോ.സുരീന്ദർ ശർമ**

സോണൽ ഇൻ ചാർജ്, ജമ്മു കാശ്മീർ

കഴിഞ്ഞ കുറേ വർഷങ്ങളായി ഒരു ഡസൻ അഭ്യാസികൾ മാത്രമുള്ള ഒരു ചെറിയ സെൻററായ **ജബുവ**യിൽ(മദ്ധ്യപ്രദേശ്) സപ്തംബർ 1–ാം തീയ്യതി ഗവണ്മെൻറ് പോളിടെക്നിക് കോളേജിൽ വെച്ച് ഒരു പരിപാടി നടത്തി. 400 ഓളം ആദിവാസി വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്ന വിദ്യാലയമാണിത്. ആദ്ധ്യാത്മികതയുടേയും ധ്യാനത്തിൻേറയും പ്രാധാന്യം സഹോ. പ്രഭാകർ വിദ്യാർത്ഥികളോട് വിശദീകരിച്ചു. 98 ഓളം വിദ്യാർത്ഥികൾ പേര് നൽകുകയും പിന്നത്തെ ആഴ്ച വിവിധ സെൻററുകളിലെ പ്രിഫക്റ്റുമാർ വന്ന് അവർക്ക് പ്രാരംഭ സിറ്റിംഗ് നൽകുകയും ചെയ്തു.

## ഹൊസൂരിലെ അഭ്യാസി കോളനി

### ആസൂത്രണത്തിനും നിർവ്വഹണത്തിനും ഒരു ഉത്തമ മാതൃക



ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയതും ഉന്നതമായ ജീവിതരീതിക്ക് ഉതകുന്ന ചുറ്റുപാടുകളോടും കൂടി വളരെ വേഗതയിൽ നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അഭ്യാസികൾക്കായുള്ള കോളനി ഇത്തരത്തിലുള്ള മറ്റു കോളനികൾക്കുള്ള ഒരു മാതൃകയാണ്. വിശദമായ സാമ്പത്തിക രൂപരേഖയും അഭ്യാസികളുടെ കൂട്ടായ ശ്രമവും ഹൊസൂരിലെ ആശ്രമത്തിനോട് ചേർന്നു കിടക്കുന്ന ഇതിനെ ഒരു മാതൃകാ കോളനിയാക്കി മാറ്റി.

ബാംഗളൂരിൽനിന്നും ഇരുപത്തി അഞ്ചു കി.മി. അകലെയുള്ള ഹൊസൂർ തമിഴ്നാട് ഗവണ്മെൻറിൻെറ വ്യാവസായിക കേന്ദ്രമാണ്. ഹൊസൂർ ആശ്രമനിർമ്മാണത്തിനുള്ള സ്ഥലം കണ്ടു പിടിക്കുന്നതിനുള്ള ശ്രമം 1995ൽ തുടങ്ങി. ഹൊസൂർ ബസ് സ്റ്റാൻറിൽനിന്നും 5 കി.മി. ദൂരെ, കെലവരപ്പള്ളി ഡാമിനെ അഭിമുഖീകരിച്ച് അവലപ്പള്ളി ഗ്രാമത്തിൽ 2009ൽ ആ അന്വേഷണം ഫലം കണ്ടു. അന്നത്തെ ZiC സഹോ.സി.രാജഗോപാലൻ സ്ഥലം സന്ദർശിക്കുകയും കാര്യങ്ങൾ മുന്നോട്ട് നീക്കുന്നതിന് അനുമതി നൽകുകയും ചെയ്തു.

**അദ്ദേഹത്തിൻെറ ദർശനം**

വർഷങ്ങൾക്കു മുമ്പ് ഒരു അഭ്യാസി ഹൊസൂർ ആശ്രമ നിർമ്മാണത്തിന് സ്ഥലം നൽകുവാൻ തയ്യാറായപ്പോൾ മാസ്റ്റർ പറഞ്ഞത് “ഹൊസൂരിൽ ഏക്കർ കണക്കിന് സ്ഥലം വേണ്ടിവരും.” എന്നായിരുന്നു. അദ്ദേഹത്തിൻെറ

ഇച്ഛയും അനുഗ്രഹവും മൂലം 13.8 ഏക്കർ സ്ഥലം വാങ്ങുകയും അതിൽ 4.75 ഏക്കർ സ്ഥലം ആശ്രമനിർമ്മാണത്തിനും ബാക്കി അഭ്യാസികൾക്കായുള്ള ഒരു കോളനിക്കായും നീക്കി വെച്ചു. 2010 ജനുവരി 22–ാം തീയ്യതി ജോ.സെക്രട്ടറി സഹോ.എ.പി. ദുരൈ സ്ഥലം രജിസ്റ്റർ ചെയ്തു. ഇവിടത്തെ കൂട്ടായ്മയിൽ സന്തോഷവാനായ മാസ്റ്റർ കോളനിക്ക് 'പ്രഗതി എൻക്ലേവ്' എന്ന് നാമകരണം ചെയ്തു.



**കേന്ദ്ര സംഘം**

സാമ്പത്തികം, അടിസ്ഥാന സൗകര്യങ്ങൾ, നിയമം തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി ഏഴുപേരടങ്ങിയ ഒരുകേന്ദ്ര സംഘം രൂപീകരിച്ചു. ഈ സംഘം അഭ്യാസികളുമായി ചേർന്ന് ചർച്ചകൾക്കുശേഷം തീരുമാനമെടുക്കും. ഭൂമിയുടെ വിലനിർണ്ണയം, വീടിനുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആശ്രമഭൂമി വാങ്ങുന്നതിനുള്ള സംഭാവന, ആശ്രമത്തിനുള്ള സൗകര്യങ്ങൾ, ദീർഘകാല പരിരക്ഷണം മുതലായവയ്ക്ക് അവർ ഒരുപദ്ധതി ആസൂത്രണം ചെയ്തു.

**അടിസ്ഥാന സൗകര്യങ്ങൾ**

ഏകദേശം 2400 ച.അടിയുള്ള 102 തുണ്ടുഭൂമികൾ ഇവിടെയുണ്ട്. ചുറ്റുമതിൽ, അഴുക്കുചാലുകൾ, ഒരുലക്ഷം ലിറ്റർ വെള്ളം കൊള്ളാവുന്ന ജലസംഭരണി, രണ്ടു കുഴൽക്കിണർ, , എല്ലായിടത്തേക്കും ജലസൗകര്യം, വാർപ്പു റോഡുകൾ, ഒരുഹാൾ (ഇപ്പോൾ മെഡിറ്റേഷൻ ഹാളായി ഉപയോഗിക്കുന്നു), കുട്ടികൾക്കായി കളിസ്ഥലം, പൊതുവായ ഉദ്യാനം എന്നീ അടിസ്ഥാന സൗകര്യമുണ്ട്. ഏകദേശം 700 മരങ്ങൾവെച്ചു പിടിപ്പിച്ചത് ആശ്രമത്തിന് മാറ്റുകൂട്ടുന്നു. എല്ലാ തുണ്ടുഭൂമിയിലേക്കും വൈദ്യുതി സൗകര്യമുണ്ട്. ജർമ്മൻ ഷെപ്പേർഡ് നായ അടക്കം 24 മണിക്കൂർ സുരക്ഷാ സംവിധാനമുണ്ട്. എല്ലായിടത്തും സോളാർ വിളക്ക് കൂടാതെ മഴവെള്ള സംഭരണി എന്നിവയും ആസൂത്രണത്തിലുണ്ട്.

**സമൂഹജീവിതം**

മൂന്നു കൊല്ലത്തെ ചെറിയകാലയളവിൽ പത്തു വീടുകൾ വന്നു. രണ്ടെണ്ണം പണി നടന്നു കൊണ്ടിരിക്കുന്നു, കുറച്ച് വീടുകൾ കൂടി ഉടനെ വന്നേക്കും. അഭ്യാസികൾ ആശ്രമാന്തരീക്ഷത്തിൽ ജീവിക്കുന്നതിൽ സന്തോഷവാന്മാരാണ്. എല്ലാവരും ഒത്തൊരുമിച്ച് ഒരു വലിയ കുടുംബമായി താമസിക്കുന്നതിലൂടെ സാഹോദര്യവും സഹിഷ്ണുതയും വളർത്തുന്നതിന് മാസ്റ്റർ ഒരു നല്ല അവസരമാണ് നൽകിയതെന്ന് എല്ലാവരും മനസ്സിലാക്കുന്നു. പ്രശാന്തവും സമാധാനപൂർവ്വവുമായ ആശ്രമാന്തരീക്ഷം ഒരു യഥാർത്ഥ അഭ്യാസിയാകുവാൻ ആത്മപരിശോധനക്ക് സഹായകമാവുന്നു. ഇതിനകത്തേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ പുറത്തേക്ക് പോകുവാൻ തോന്നുന്നില്ല എന്ന തോന്നലാണ് എല്ലാവരിലും. ഇവിടെ കൂട്ടായി ജീവിക്കുന്ന കുട്ടികൾ പ്രകൃതിയോട് ചേർന്ന് കളിയിലൂടെയും പര്യവേക്ഷണത്തിലൂടെയും കൂട്ടായ്മ വളർത്തി സംതുലമായ അന്തരീക്ഷത്തിൽ ആനന്ദിച്ച് രസിക്കുന്നു.

കാലാനുസൃതമായ പച്ചക്കറികളേയും ധാന്യങ്ങളേയും അഭ്യാസികൾ ശ്രദ്ധയോടെ പരിരക്ഷിക്കുന്നു. വ്യക്തികളുടെ അടുക്കളത്തോട്ട വിളകളും പങ്കുവെക്കുന്നു. എല്ലാ അഭ്യാസികളും ഒരേയൊരു ലക്ഷ്യംകൈവരിക്കുന്നതിനായുള്ള ജീവിതം, പരസ്പര വിശ്വാസം, സഹിഷ്ണുത തുടങ്ങിയവയാണ് സമൂഹജീവിതത്തിന്റെ ഗുണം. സംശുദ്ധവും വൃത്തിയുള്ളതും പരിസ്ഥിതിയോട് അനുയോജ്യ വുമായ അന്തരീക്ഷം എല്ലാവരേയും ഈ സ്ഥലം സന്ദർശിക്കുന്നതിന് ആകർഷിക്കുന്നു.

**ആശ്രമം പദ്ധതി**

മാസ്റ്റർ ആശ്രമനിർമ്മാണത്തിന് അനുമതിനൽകിയിട്ടുണ്ട്. ധ്യാനമന്ദിരം, ശയനമുറി, ഭോജനശാല എന്നിവ അടങ്ങിയ അവസാനപദ്ധതി ഹെഡ്ക്വാർട്ടറിന്റെ പരിഗണനയിലാണ്. ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന താൽക്കാലികമായുള്ള ഹാളിലാണ് ഇപ്പോൾ സത്സംഗം നടക്കുന്നത്. അതുപോലെ താൽക്കാലിക അടുക്കളയും അതിഥിമുറിയുമുണ്ട്. മറ്റു സെന്ററുകളിൽ ആശ്രമം ആസൂത്രണം ചെയ്യുന്നവർക്ക് ഇവിടം സന്ദർശിക്കുന്നത് ഉപകാരപ്രദമായിരിക്കും.







To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2013 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.